# കാപ്പിയും പാലും

ഡോ: കെ. ഭാസ്കരൻ നായർ

വെള്ളപ്പൊക്കത്തിൽ കലങ്ങിമറിഞ്ഞു് കരകവിഞ്ഞൊഴുകുന്ന കാവേരിനദിയെ നോക്കി തഞ്ചാവൂർക്കാരനും ബ്രാഹ്മണനുമായ ഒരു പ്രൊഫസർ ഇങ്ങനെ പറഞ്ഞതായി ഒരു കഥയുണ്ടു്:

''ദൈവമേ! ഇതു് മുഴുവനും നല്ല ചൂടുള്ള കാപ്പിയായിരുന്നെങ്കിൽ!''

ആ പ്രദേശത്തെ ആളുകൾ അത്ര വലിയ കാപ്പി കുടിയന്മാരാണു്. കാപ്പിയുണ്ടാക്കുന്നതും കുടിക്കുന്നതും ഒരു മതകർമ്മം പോലെയോ സുകുമാരകല പോലെയോ, അവർ വളർത്തിയെടുത്തിരിക്കുന്നു. അതു് വീട്ടിൽതന്നെ ഉണ്ടാക്കണം. കടയിൽനിന്നു് വാങ്ങുന്ന കാപ്പിപ്പൊടി പോരാ. നല്ല മേത്തരം കാപ്പിക്കുരു കൊണ്ടുവന്നു്, ഓരോ ദിവസത്തെയും ആവശ്യത്തിന്നു് വേണ്ടത്ര അപ്പപ്പോൾ വറുത്തു് പൊടിച്ചു് ഉപയോഗിക്കണം. പണ്ടൊക്കെ ഉരലിലിട്ടു് ഇടിച്ചു് പൊടിക്കുകയായിരുന്നു പതിവു്. ഇപ്പോൾ അതിന്നു് കൈകൊണ്ടു് തിരിച്ചു് എളുപ്പത്തിൽ കാര്യം സാധിക്കാവുന്ന ചെറിയ യന്ത്രങ്ങളുണ്ടു്. ഇങ്ങനെ ഉണ്ടാക്കുന്ന കാപ്പിപ്പൊടി ഒരു പ്രത്യേക പാത്രത്തിലിട്ടു് തിളയ്ക്കുന്ന വെള്ളമൊഴിച്ചു് ''ഡിക്കോക്‌ഷൻ'' എന്നു പറയുന്ന, കഷായംപോലെയുള്ള, കടുപ്പമേറിയ ദ്രാവകം നിർമ്മിക്കുന്നു. ഇതു് അപ്പോൾ കറന്നെടുത്തു് അടുപ്പത്തു് തിളച്ചു കിടക്കുന്ന നല്ല പശുവിൻ പാലിൽ ആവശ്യംപോലെ ചേർത്തു്, പഞ്ചസാരയുമിട്ടു്, ആവി പറക്കുന്ന ചൂടോടെ രണ്ടുപാത്രത്തിൽ വിളമ്പുന്ന പാനീയമാണു് തഞ്ചാവൂർക്കാരുടെ കാപ്പി. ചിലർക്കതു് വെള്ളിപ്പാത്രത്തിൽ തന്നെ കുടിക്കണമെന്നു് നിർബന്ധമുണ്ടു്. എങ്കിൽ മാത്രമേ ശരിയായ രുചി കിട്ടുകയുള്ളു വത്രെ.

ഇങ്ങനെ കാപ്പി കുടിച്ചു ശീലിച്ച, തഞ്ചാവൂർകാരനായ മറെറാരു പ്രൊഫസർ (ബ്രാഹ്മണൻതന്നെ) അടുത്തകാലത്തു് അമേരിക്കയിൽ പോകുവാൻ ഇടയായി. അവിടെ ചെന്നപ്പോൾ ആദ്യം അന്വേഷിച്ചതു് ഏററവും നല്ല കാപ്പി കിട്ടുന്ന ഭോജനശാലയാണു്. ന്യൂയോർക്കിൽ സ്ഥിരതാമസക്കാരനായ ഒരു സുഹൃത്തിൻെറ സഹായത്തോടെ പ്രസിദ്ധമായ ഒരു കാപ്പിക്കട കണ്ടുപിടിച്ചു. രണ്ടുപേരുംകൂടി അവിടെ ചെന്നു് അന്യായവിലയും കൊടുത്തു് കാപ്പി വരുത്തി. ഏകദേശം തീവണ്ടിയന്ത്രത്തിൻെറ ആകൃതിയുള്ളതും വെളുത്തു തിളങ്ങുന്നതുമായ ഒരു ഉപകരണത്തിലാണു്



Digitized by Kerala Sahitya Akademi

അവർ കാപ്പിയുണ്ടാക്കുന്നതു്. ''എസ്പ്രസ്സോ'' എന്നു പേരുള്ള ഈ ഉപകരണത്തിലും. ഓരോ കപ്പായിട്ടാണ് കാപ്പിയുണ്ടാക്കുന്നത് എന്നു കണ്ടു് നമ്മുടെ പ്രൊഫസർ സന്തോഷിച്ചു. പക്ഷെ അതു് കുടിച്ചിട്ടു് അദ്ദേഹത്തിന്നു് തീരെ തൃപ്തിയായില്ല. എന്തോ ഒരു പോരായ്ക.

പ്രൊഫസറുടെ വിമർശനം കേട്ട് കൂട്ടുകാരൻ അദ്ദേഹത്തെയും കൊണ്ടു് കടയുടമസ്ഥന്റെ അടുത്തുപോയി. തന്റെ കാപ്പിയെക്കുറിച്ചുള്ള ആക്ഷേപം അയാളെ അരിശംകൊള്ളിച്ചു. ''ഈ രാജ്യത്തു കിട്ടാവുന്നതിൽ ഏററവും നല്ല കാപ്പിപ്പൊടിയും പാലും പഞ്ചസാരയുമാണ് ഞാൻ ഉപയോഗിക്കുന്നതു്. എന്നിട്ടും കാപ്പി മോശമെന്നോ?'' ഇങ്ങനെ അത്ഭുതവും പരിഹാസവും പ്രകടിപ്പിച്ചുകൊണ്ടു് അയാൾ അലമാര തുറന്നു് കാപ്പിപ്പൊടിയുടെയും പാലിന്റെയും പഞ്ചസാരയുടെയും കുപ്പികൾ എടുത്തു് മേശപ്പുറത്തു് നിരത്തിവെച്ചു. ''നോക്കുക! ഇതാണ് ഞാൻ ഉപയോഗിക്കുന്നതു്.''

തഞ്ചാവൂർക്കാരൻ ഓരോ കുപ്പിയും എടുത്തുനോക്കി, മണപ്പിച്ചു. ഒരു കുററവും പറയാൻ കണ്ടില്ല. സംശയം വിട്ടുമാറാത്തതുകൊണ്ടു് വീണ്ടും പരിശോധിച്ചു. അപ്പോൾ പാൽക്കുപ്പിയുടെ പുറത്ത് വളരെ ചെറിയ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്ന ഒരു കുറിപ്പ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. കണ്ണു് ഞെരിച്ചു് അതു് വായിച്ചുനോക്കിയപ്പോൾ അദ്ദേഹം അന്തംവിട്ടുപോയി. എഴുതിയിരുന്നതു് ഇതാണ്:

''ഈ കുപ്പിയിലെ ഉള്ളടക്കം: ശുദ്ധജലം, സോയാപ്പയറിന്റെ എണ്ണ, ചോളത്തിന്റെ കഴമ്പ്, നിറത്തിനും രുചിക്കും മണത്തിനും വേണ്ടിയുള്ള രാസപദാർത്ഥങ്ങൾ, വിററമിൻ.''

''ഇതൊന്നും പശുവിന്റെ അകിടിൽനിന്നു വരുന്നതല്ലല്ലോ.'' എന്ന് അദ്ദേഹം അടക്കുവാൻ കഴിയാത്ത ആശ്ചര്യത്തോടെ കൂട്ടുകാരനോട് പറഞ്ഞു. ''അതാണ് കാപ്പിക്കു പററിയ കുഴപ്പം. എനിക്ക് കാര്യം മനസ്സിലായി.'' എന്നും.

തഞ്ചാവൂരിൽ ജനിച്ചുവളർന്നെങ്കിലും ദീർഘകാലത്തെ താമസംകൊണ്ടു് മുക്കാലും അമേരിക്കക്കാരനായി മാറിയിരുന്ന കൂട്ടുകാരൻ ഇതു കേട്ട് ഇങ്ങനെ മറുപടി പറഞ്ഞു:

''അതൊന്നും എനിക്ക് അറിഞ്ഞുകൂടാ. നമ്മുടെ തഞ്ചാവൂരിലെ പൈങ്കിരാലിപ്പശുവിന്റെ അകിടിൽനിന്നു വരുന്ന പാലിലും ഇതൊക്കെയേ ഉള്ളൂ. ഒരുപക്ഷെ അതിനില്ലാത്ത ഔഷധഗുണം ഇതിനുണ്ടെന്നും വരാം. ഏതായാലും ഇതാണ് അമേരിക്ക എന്നു പറയുന്ന പുതിയ ലോകം. ഇന്ത്യക്കാരായ നാം പശുവിനെ പൂജിച്ചു് അതിനെ ആശ്രയിച്ചു് ജീവിക്കുന്നു. അമേരിക്കക്കാരൻ അവന്റെ ബുദ്ധിയെമാത്രം ആശ്രയിച്ചു് ലോകം ജയിക്കുന്നു.''

''ശരിയാണ്, ശരിയാണ്. ശുദ്ധജലവും സോയാപ്പയറും ചോളവും, പാലിനെക്കാൾ വിലകൂടിയിരിക്കുന്ന പെട്രോളും എല്ലാം അമേരിക്കക്കാരന്റെ ബുദ്ധിയിൽ വിളയുന്നതാണല്ലോ!'' എന്നു് ശാന്തസ്വരത്തിൽ പറഞ്ഞു് പ്രൊഫസർ ആ സംഭാഷണം അവസാനിപ്പിച്ചു. ★



Digitized by Kerala Sahitya Akademi